**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **08-06-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. രാജ** | | **Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം. 2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി. 3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. 4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി. 5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം. 6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം. 7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ നേരിട്ട് ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം. 8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 9. |

| | | | |
|---|---|---|---|
| | | | സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനവും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. 10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. 11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. 12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഇ-പോസ് സംവിധാനം മുഖേന ഫീസുകൾ ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. 14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏതു സബ് രജിസ്ട്രാർ ആഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere registration' സംവിധാനം ഏർപ്പെടുത്തി. 15. രജിസ്ട്രേഷൻ വകുപ്പിലെ ആധാരപകർപ്പുകൾ ഉൾപ്പെടെയുള്ള സുപ്രധാന രേഖകൾ സംരക്ഷിക്കുന്നതിന് രേഖകളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനായി 'അനശ്വര പദ്ധതി' നടപ്പിലാക്കി. പത്തനംതിട്ട ജില്ലയിലെ മുഴുവൻ രേഖകളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള രേഖകൾ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിൽ വിവിധ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി മാതൃകാ ഫോറങ്ങൾ അടിസ്ഥാനപ്പെടുത്തി 'സ്മാർട്ട് കോൺട്രാക്ട് ' എന്ന ആശയം നടപ്പാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | കമ്പ്യൂട്ടർവൽക്കൃത രജിസ്ട്രേഷൻ സംവിധാനം കൂടുതൽ സുതാര്യവും ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷിതത്വവും ഉറപ്പാക്കിക്കൊണ്ട് നിലവിലെ സംവിധാനം കുറ്റമറ്റതാക്കുക എന്ന ലക്ഷ്യവും മുൻ നിർത്തിക്കൊണ്ട് നിലവിലെ ഓൺലൈൻ സംവിധാനം ആധുനിക സാങ്കേതിക വിദ്യയായ ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കേരള സർക്കാർ സ്ഥാപനമായ Kerala Development and Strategic |

| | | | |
|---|---|---|---|
| | | | Innovation Council (K-DISC) -ന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ - റവന്യൂ - സർവ്വെ എന്നീ വകുപ്പുകളെ പങ്കെടുപ്പിച്ചു കൊണ്ട് പദ്ധതിയുടെ പ്രാരംഭ ഘട്ട പഠനങ്ങൾ K-DISC പൂർത്തിയാക്കുകയും ഓരോ വകുപ്പിനും പദ്ധതിയിലുള്ള ചുമതലകൾ വിശദമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ പരീക്ഷണ പരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ വില്ലേജുകളിലുമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതോടു കൂടി "സ്മാർട്ട് കോൺട്രാക്റ്റ്" എന്ന ആശയം നടപ്പിലാകുന്നതാണ്. |
| (സി) | രജിസ്ട്രാർ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | 1. ആധാര മാതൃകകൾ ലളിതവൽക്കരിച്ച് കൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സംവിധാനം. 2. ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതാണ്. 3. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ചെറുകിട കച്ചവടക്കാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ആശ്വാസ ലോണുകൾ യഥാസമയം ലഭിക്കുന്നതിന് ലോക്ഡൗൺ തടസ്സമാകുന്ന സാഹചര്യത്തിൽ വാണിജ്യ ബാങ്കുകളിൽ നിന്നും ലോണുകൾ ലഭിക്കുന്നതിന് നൽകേണ്ട പണയാധാരങ്ങൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിൽ തന്നെ തയ്യാറാക്കുവാൻ കഴിയുന്ന Digital Document Execution എന്ന ആശയം നടപ്പിലാക്കുന്നതാണ്. 4. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം. 5. സബ് രജിസ്ട്രാർ ഓഫീസുകൾ പൊതുജന സൗഹാർദ്ദപരമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ